LIBRARY ARCHIVES Kerala Legislative Assembly

## കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

168 (172) ശ്രീ. ഇ. പി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിന്റെ നിർമ്മാണത്തിനായി ഇതിനോടകം എത്ര ഭൂമി ഏറ്റെടുക്കുകയുണ്ടായി ;

(ബി) ആകെ എത്ര ഭൂവുടമകളിൽ നിന്നുമാണ് ഭൂമി ഏറ്റെടുത്തത് ;

(സി) എത്ര ഭൂവുടമകൾക്ക് ഇതിനോടകം നഷ്ടപരിഹാരം നൽകുകയുണ്ടായെന്നും നഷ്ടപരിഹാരം നൽകുന്നതിനായി എത്ര തുക വിനിയോഗിച്ചെന്നും വ്യക്തമാക്കുമോ ;

(ഡി) നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് ഭൂവുടമകളാരെങ്കിലും കോടതി വ്യവഹാരങ്ങൾക്ക് പോയിട്ടുണ്ടോയെന്നും എത്ര ഭൂവുടമകൾ ഇപ്രകാരം കോടതി വ്യവഹാരത്തിലേർപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) ഇനി ആകെ എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 765.5957 ഹെക്ടർ ഭൂമി.

(ബി) 2584.

(സി) 2584 ഭൂവുടമകൾക്ക് മൂന്ന് ഘട്ടങ്ങളിലായി 666,40,34,177 (അറുന്നൂറ്റി അറുപത്തി ആറുകോടി നാൽപത്തു ലക്ഷത്തി മുപ്പത്തിനാലായിരത്തി ഒരുന്നൂറ്റി എഴുപത്തി ഏഴ് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 424 ഭൂവുടമകൾ.

(ഇ) കോടതി വ്യവഹാരത്തിൽ ഉൾപ്പെടാത്ത ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാൻ ബാക്കിയില്ല.

## കോഴിക്കോട് വിമാനത്താവളത്തിന്റെ അറ്റകുറ്റപ്പണികൾ

169 (173) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കോഴിക്കോട് വിമാനത്താവളത്തിൽനിന്നുള്ള ഏതെങ്കിലും സർവ്വീസുകൾ റദ്ദാക്കുകയോ, വെട്ടിച്ചുരുക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം സർവ്വീസുകൾ ഇങ്ങനെ മാറ്റം വരുത്തി എന്നും, ഇതിനുള്ള കാരണമെന്താണെന്നും വിശദമാക്കുമോ ;

(സി) എയർപോർട്ട് അതോറിറ്റിയിൽ നിന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) എത്രകാലത്തേക്കാണ് എയർപോർട്ട് അടച്ചിടുന്നതിന് ഉദ്ദേശിക്കുന്നത് ;

(ഇ) എയർപോർട്ടിന്റെ അറ്റകുറ്റപ്പണികൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; അറ്റകുറ്റപ്പണികൾ എന്ന് ആരംഭിച്ച് എന്നേക്ക് പൂർത്തിയാക്കുമെന്ന് വിശദമാക്കുമോ ;

(എഫ്) അറ്റകുറ്റപ്പണികൾ ഉടനെ പൂർത്തീകരിച്ച് പൂർവ്വസ്ഥിതിയിൽ സർവ്വീസ് നടത്തുന്നതിനും അതുവരെ ചെറുവിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റദ്ദാക്കിയ സർവ്വീസുകൾ :

| | | |
|---|---|---|
| 1 | എയർ ഇന്ത്യ-കാലിക്കറ്റ്-റിയാദ് | നിലവിലുണ്ടായിരുന്ന ആഴ്ചയിൽ മൂന്ന് സർവ്വീസുകൾ |
| 2 | എയർ ഇന്ത്യ-കാലിക്കറ്റ്-ജിദ്ദ | പ്രതിദിന സർവ്വീസ് |
| 3 | സൗദി-കാലിക്കറ്റ്-റിയാദ് | ഒന്നിടവിട്ട സർവ്വീസ് |
| 4 | സൗദി-കാലിക്കറ്റ്-ദമാം | ഒന്നിടവിട്ട സർവ്വീസ് |
| 5 | എമിറേറ്റ്സ്-കാലിക്കറ്റ്-ദുബായ് | പ്രതിദിന സർവ്വീസ് |

റൺവേ നിർമ്മിച്ചിരിക്കുന്നത് പരമാവധി കോഡ് ഡി വിമാനങ്ങൾക്കു (A 310 വരെ) മതിയാവുന്ന ബലത്തിലും നീളത്തിലുമാണ്. നിരന്തരമായി (B 747 പോലുള്ള) ഭാരം കൂടി വിമാനങ്ങൾ ഉപയോഗിച്ചതിനാൽ 2014 മുതൽ റൺവേ പൊളിഞ്ഞുപോകാൻ തുടങ്ങുകയും താൽക്കാലിക അറ്റകുറ്റപണികൾ കൊണ്ട് റൺവേ നിലനിർത്താൻ പറ്റാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. അതിനാൽ വിമാനങ്ങളുടെയും വൈമാനികരുടെയും യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയിൽ - എയർലൈൻസ് ഓപ്പറേറ്റർമാരുമായി കൂടിയാലോചിച്ചാണ് വലിയ ഭാരം കൂടിയ വിമാനങ്ങൾക്ക് ഉപയോഗയോഗ്യമാക്കാം എന്ന് ഉറപ്പാക്കുംവരെ റൺവേയുടെ ക്ഷമതയ്ക്ക് ചേർന്ന വിമാനങ്ങൾ മാത്രം അനുവദിച്ചാൽ മതിയെന്ന തീരുമാനം നടപ്പിലാക്കിയത്.

326/2021

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്. 25-4-2015-ൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ ചേർന്ന യോഗത്തിൽ എയർപോർട്ട് ഡയറക്ടർ ഇക്കാര്യങ്ങൾ അറിയിച്ചിരുന്നു.

(ഡി) എയർപോർട്ട് മുഴുവനായി അടച്ചിടുന്നില്ല. 2015 സെപ്റ്റംബർ 15 മുതൽ 18 മാസക്കാലം പ്രതിദിനം 8 മണിക്കൂർ (പകൽ 12 മണി മുതൽ രാത്രി 8 മണി വരെ) റൺവേ ബലപ്പെടുത്തുന്നതിനും, ഇപ്പോൾ ഉണ്ടായിട്ടുള്ള കേടുപാടുകൾ പരിഹരിക്കുന്നതിനുംവേണ്ടി റൺവേ ഉപയോഗം നിർത്തിവയ്ക്കുന്നതാണ്.

(ഇ) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. അറ്റകുറ്റപണികൾ 2015 സെപ്റ്റംബർ 15 മുതൽ ആരംഭിച്ച് ഏകദേശം 18 മാസക്കാലം കൊണ്ട് പൂർത്തിയാക്കാനാണ് പദ്ധതി.

(എഫ്) അറ്റകുറ്റപ്പണികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കാനും അതുവരെ പ്രതിദിനം 16 മണിക്കൂർ റൺവേയുടെ ക്ഷമതയ്ക്കുചേർന്ന വിമാനങ്ങൾ സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് പീഡനത്തെത്തുടർന്നുള്ള ആത്മഹത്യകൾ**

170 (174) <u>ശ്രീ. രാജു എബ്രഹാം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ജാമ്യത്തിൽ വിട്ടയക്കപ്പെട്ട എത്രയാളുകൾ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ ചോദ്യം ചെയ്യലിനേയും പോലീസിന്റെ മറ്റു നിലയിലുള്ള ഇടപെടലുകളെയും തുടർന്ന് ആത്മഹത്യ ചെയ്യുകയുണ്ടായിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ മർദ്ദനത്തിനിരയായ രാജാജി നഗറിലെ സുജിത്ത് (ജിത്തു) എന്ന യുവാവിന്റെ ആത്മഹത്യയെ തുടർന്ന്, പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; മേൽപ്പറഞ്ഞ യുവാവിനെ സ്റ്റേഷനിൽ മർദ്ദിച്ച പോലീസുകാർ ആരൊക്കെയായിരുന്നു ; അവർക്കെതിരെ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് കസ്റ്റഡിയിൽ നിന്നും വിട്ടയച്ചതിനുശേഷം സുജിത്ത്, S/o സുനിൽകുമാർ എന്നൊരാൾ ആത്മഹത്യ ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. (കന്റോൺമെന്റ് പോലീസ് ക്രൈം നമ്പർ 699/2015 u/s. 174 CrPC).

(ബി) ഉണ്ട്. അന്വേഷണം നടത്തിവരുന്നു. യുവാവിനെ പോലീസ് കസ്റ്റഡിയിൽ മർദ്ദിച്ചതായി വെളിവായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly